**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3347** **26-06-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 104 പഞ്ചായത്ത് സ്കൂളുകൾ നിലവിലുണ്ടായിരുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അവ 2/1/2010- ലെ സ.ഉ(എംഎസ്) നം.2/2010/പൊ.വി.വ പ്രകാരം സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞു. അതിന് ശേഷം പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളവയുടെ വിവരം വിവിധ വിദ്യാഭ്യാസ ആഫീസുകളിൽ നിന്നും ശേഖരിച്ച് വരുന്നു. |
| (ബി) | പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ സർക്കാർ നിയന്ത്രണത്തിലാക്കാനുള്ള നയപരമായ തീരുമാനമെടുത്തത് എന്നാണ്; എത്ര സ്കൂളുകളാണ് അപ്രകാരം ഏറ്റെടുത്തതെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് 104 പഞ്ചായത്ത് സ്കൂളുകൾ നിലവിലുണ്ടായിരുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അവ 2/1/2010- ലെ സ.ഉ(എംഎസ്) നം.2/2010/പൊ.വി.വ പ്രകാരം സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞു. അതിന് ശേഷം പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളവയുടെ വിവരം വിവിധ വിദ്യാഭ്യാസ ആഫീസുകളിൽ നിന്നും ശേഖരിച്ച് വരുന്നു. |
| (സി) | സർക്കാർ ഏറ്റെടുത്ത എല്ലാ സ്കൂളുകൾക്കും കെ.ഇ.ആർ. പ്രകാരമുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (സി) | പഞ്ചായത്ത് സ്കൂളുകളിലെ നിയമനം 6/10/1995- ലെ സ. ഉ(എം.എസ്) നം.218/1995/എൽ.എ.ഡി പ്രകാരം പി.എസ്.സിയ്ക്ക് വിട്ടുകൊടുത്ത് ഉത്തരവായിരുന്നു. തുടർന്ന് പഞ്ചായത്ത് സ്കൂളുകളിൽ നിലനിന്നിരുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തത്. അതിനാൽ സ്ഥലലഭ്യത ഉറപ്പാക്കിയിരുന്നില്ല. |
| (ഡി) | കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഉമ്പയിൽ സ്കൂളിനെ സർക്കാർ ഏറ്റെടുക്കുന്നതിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം അറിയിക്കാമോ? | (ഡി) | ഒളവണ്ണ ഉമ്പയിൽ എ.എം.എൽ.പി സ്കൂൾ 1921 മുതൽ 2009 നവംബർ മാസം വരെ സ്വകാര്യ മാനേജ്മെന്റിനു കീഴിലുള്ള എയ്ഡഡ് സ്കൂളായിരുന്നു. തുടർന്ന് ഒളവണ്ണ പഞ്ചായത്ത് പ്രസ്തുത സ്കൂൾ വാങ്ങുകയായിരുന്നു. പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്ന |

| | | | |
|---|---|---|---|
| | | | സമയത്ത് ഈ സ്കൂൾ , പഞ്ചായത്ത് വാങ്ങി , അതിന്റെ മാനേജർഷിപ്പ് പഞ്ചായത്തിന്റെ പേരിലാക്കുന്ന നടപടി പൂർത്തികരിച്ചിരുന്നില്ല. അതിനാൽ സർക്കാർ ഏറ്റെടുത്ത സ്കൂളുകളിൽ ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ